# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 2439 - 06/12/2018 -ലെ മറുപടിക്ക്

## പ്രളയാനന്തര നവകേരള നിർമ്മാണത്തിനായി ഫണ്ട്

ചോദ്യം
ശ്രീ. കെ. വി. വിജയദാസ്

ഉത്തരം
ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | പ്രളയാനന്തര നവകേരള നിർമ്മാണത്തിനായി നാളിതുവരെ എത്ര കോടി രൂപയുടെ സംസ്ഥാന ഫണ്ട് വിനിയോഗിച്ചിട്ടുണ്ട്; | പ്രളയ ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് മുഖ്യ മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് 30.11.2018 വരെ വിവിധ ജില്ലകൾക്ക് 685.50 കോടി രൂപയും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്ന് 01.12.2018 വരെ 600.46 കോടി രൂപയും വിനിയോഗിച്ചിട്ടുണ്ട്. |
| ബി | കേന്ദ്ര വിഹിതമായി എത്ര രൂപ ലഭിച്ചിട്ടുണ്ട്; | ദേശീയ ദുരന്ത പ്രതികരണ നിധിയിൽ നിന്ന് അടിയന്തിര സഹായമായി 600 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| സി | ഇതിനായി സംസ്ഥാനത്തിന്റെ വായ്പാ തോത് ഉയർത്തി നിശ്ചയിച്ചു തരുന്നതിൽ കേന്ദ്രസർക്കാർ തടസ്സവാദങ്ങൾ ഉന്നയിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ നൽകുമോ? | സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി 2018-19 ൽ ജി.എസ്.ഡി.പി-യുടെ 3 ശതമാനത്തിൽ നിന്നും 4.5 ശതമാനമായും 2019-20 -ൽ 3.5 ശതമാനമായും ഉയർത്തണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിൽ നിന്ന് ഇതു സംബന്ധിച്ച തീരുമാനം ഇതുവരെ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ